# റമദാൻ ഡയറി - 2

ഭാവന ● അഹ്മദ് ബഹ്ജത്

**"ഒരു** പ്രധാന ചോദ്യം വിട്ടുപോയി. ആദാമിനെ പ്രണമിക്കാൻ വിസമ്മതിച്ചതെന്തുകൊണ്ടായിരുന്നു?" ഞാൻ ചോദിച്ചു.

ആദാം എന്ന പേർപറഞ്ഞതും ഭയജനകമായ വേദനയാൽ സാത്താന്റെ മുഖം ചുളിഞ്ഞു. പെട്ടെന്നുണ്ടായ ആ വിളർച്ച സംഭാഷണം തുടരാൻ എനിക്ക് പ്രോത്സാഹനമായി. ഞാൻ പറഞ്ഞു: "നീ ഞങ്ങളെ ദുൻയാവിന്റെ ചെളിയിലാഴ്ത്തി. സ്വർഗം ഞങ്ങൾക്ക് നഷ്ടപ്പെടുത്തി. ഒപ്പം നിന്റെ ഭാവിയും നീ കളഞ്ഞുകുളിച്ചു. സ്വർഗത്തിൽനിന്ന് ഞങ്ങൾ ബഹിഷ്കൃതരാകാൻ കാരണം നീയാണ്. നിനക്ക് ദൈവശാപമുണ്ടാകും. നിന്നെ ഞാൻ ചങ്ങാതിയാക്കും. ഭാരങ്ങൾ ഒഴിവാക്കിത്തരും."

"ആദാമിന്റെ മക്കളിൽ പെട്ടവനല്ലേ നീയും. അതുകൊണ്ടാണ് നാവിന് ഇത്രനീളം." ഇബ്‌ലീസ് പറഞ്ഞു: "എനിക്ക് നിന്റെ ചങ്ങാതിയൊന്നും ആകണ്ട. എന്നെ പിൻപറ്റി നടക്കാമെങ്കിൽ എന്റെ അനുയായികളിൽ നിന്നെയും കൂട്ടാം. ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കി എന്നെ അപമാനിക്കാൻ ഞാൻ നിന്നെ അനുവദിക്കുകയില്ല. അതുകൊണ്ട് ഉടൻ നീ മാപ്പ് ചോദിച്ചില്ലേൽ ഞാൻ പിൻവാങ്ങും."

"മി. ലൂസിഫർ, പൂർവിക ജിന്ന് വർഗത്തിലെ മയിലേ" ഞാൻ ബോധിപ്പിച്ചു: "ക്ഷമിച്ചാലും. ഇത്രക്ക് ഭീകരമാണു നിന്റെ അഹന്തയെന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല. നിനക്ക് ഒട്ടും നർമബോധമില്ലാതെയായി പോയല്ലോ. ഞാനൊരു തമാശ പറഞ്ഞതല്ലേ, ഇബ്‌ലീസേ!"

"ദയവായി എന്റെ പേരു പറയുമ്പോൾ ശ്രീമാൻ എന്നുകൂടി ചേർക്കുക. മേലാൽ ഇബ്‌ലീസ് എന്നു മാത്രം വിളിക്കരുത്. നിന്റെ ആ ആദ്യത്തെ തന്തയുണ്ടല്ലോ, അവനെ സൃഷ്ടിക്കുന്നതിനും മുമ്പ് ശ്രീത്വമുള്ള നേതാവ് ഞാനായിരുന്നു."

"അദ്ദേഹത്തെക്കാൾ, അതായത് നമ്മുടെ മഹാനായ ആദാമിനേക്കാൾ കേമൻ നീയാണെന്ന് സത്യത്തിൽ നീ കരുതുന്നുണ്ടോ?"

"നമ്മുടെ മഹാനോ? അതുകള. മഹാൻ നിങ്ങൾക്ക്, എനിക്കല്ല."

"ചോദ്യത്തിനു മറുപടി പറഞ്ഞില്ല" - ഞാൻ ഒന്നുകൂടി ഓർമപ്പെടുത്തി.

"ആരാണു കേമൻ എന്ന പ്രശ്നം അല്ലേ! അതായത് ഞാനോ ആദാമോ എന്ന്! അക്കാര്യം നമ്മുടെ സ്രഷ്ടാവു തീർപ്പാക്കിക്കഴിഞ്ഞതാണ്. എന്നെ സംബന്ധിച്ചേടത്തോളം ഒരു സങ്കീർണപ്രശ്നമാണത്. ആദാമിനെ സൃഷ്ടിക്കുന്നതിനു മുമ്പ് എനിക്കായിരുന്നു ശ്രേഷ്ഠ പദവി. പിന്നീട് ആദാം സൃഷ്ടിക്കപ്പെട്ടു. ആദാമിനെ സാഷ്ടാംഗം പ്രണമിക്കാൻ ഉത്തരവുണ്ടായി. അതോടെ എന്റെ പദവിക്ക് വ്യത്യാസം വന്നു. ഞാൻ ആദാമിനെ വണങ്ങേണ്ട ആശയമായി മാറി, വിരുദ്ധമായ ഓരാശയം."

"ഞങ്ങളുടെ ഭാവി നഷ്ടപ്പെടുത്തിയത് നീയാണ്. നീ കാരണമാണ് ഞങ്ങൾക്ക് സ്വർഗഭ്രഷ്ടരാകേണ്ടിവന്നത്" - ഞാൻ പരാതി പറഞ്ഞു.

"നിങ്ങൾ മൂലം ഞാനാണു ദൈവത്തിന്റെ കാരുണ്യത്തിൽനിന്ന് തുരത്തപ്പെട്ടത്" - ഇബ്‌ലീസ് പറഞ്ഞു.

"നിനക്ക് ആദാമിനെ നമിക്കാമായിരുന്നില്ലേ. എങ്കിൽ നിനക്കും ഞങ്ങൾക്കുമൊക്കെ കഷ്ടപ്പെടാതെ കഴിയാമായിരുന്നു" - ഞാൻ പറഞ്ഞു. "ഞാൻ എന്റെ സ്വാതന്ത്ര്യം പ്രയോഗിക്കുകയായിരുന്നു" - ഇബ്‌ലീസിന്റെ മറുപടി.

"ആദാമിനെ സാഷ്ടാംഗം പ്രണമിക്കാൻ വിസമ്മതിക്കുന്നതിനു മുമ്പേ നിന്നെ മണ്ണാക്കി മാറ്റാൻ ദൈവത്തിനു കഴിയുമായിരുന്നു."

"സാഷ്ടാംഗത്തിനു വിസമ്മതിക്കും മുമ്പ് ദൈവം എന്നെ കൊന്നിരുന്നെങ്കിൽ ദൈവത്തിന് എന്നോട് സ്നേഹമുണ്ടെന്ന് ഞാൻ മനസ്സിലാക്കുമായിരുന്നു. പക്ഷേ, ദൈവത്തിനെന്നോട് സ്നേഹമില്ലെന്ന് എനിക്കറിയാം. ദൈവം എല്ലാ സൃഷ്ടികൾക്കും സ്വാതന്ത്ര്യം നൽകുന്നു. അവൻ സ്നേഹിക്കുന്നവർക്കും വെറുക്കുന്നവർക്കുമെല്ലാം. ഉത്തരവുകൾ ലംഘിക്കുന്നവരെ തടവിലിടുന്ന ഭൂമിയിലെ അക്രമികളായ അധികാരികളെപ്പോലെ ഒരു അധികാരിയല്ല ദൈവം. അവൻ അതിഗംഭീരനും സർവോന്നതനുമാകുന്നു."

"ശ്രീമാൻ ഇബ്‌ലീസ്! ഇത് വിശ്വാസികൾ പറയുന്നതാണല്ലോ. പിശാചായിരിക്കുക, എന്നിട്ട് വിശ്വാസികളുടെ മട്ടിൽ സംസാരിക്കുക. അത്രത്തോളമെത്തിയോ നിന്റെ കാപട്യം?"

"ഞാൻ കപടനൊന്നുമല്ല." ഇബ്‌ലീസ് വ്യക്തമാക്കി: "ഞാൻ കപടനാണെങ്കിൽ ആദാമിനെ നമിക്കുമായിരുന്നു. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നവനാണ്; ആദാമിൽ വിശ്വസിക്കുന്നവനല്ല. എന്റെ സ്ഥാനത്ത് ആരാണെങ്കിലും അവന് ദൈവത്തിൽ വിശ്വസിക്കാതെ തരമില്ല. കാരണം ദൈവ

ത്തിന്റെ മഹത്വം അനുഭവിച്ചറിഞ്ഞതാണ്. എന്നാൽ ദൈവത്തിന്റെ ഏതെങ്കിലും കൽപന നിരാകരിക്കുമ്പോൾ അവൻ ദൈവനിഷേധിയായി കരുതപ്പെടുകയാണ്. ഓരോ വർഗത്തെ സംബന്ധിച്ചും വ്യത്യസ്തമാണ് വിശ്വാസത്തിന്റെ അർഥ സങ്കൽപം. ജിന്നുകളെ സംബന്ധിച്ചേടത്തോളം അതിൽ ഒരു നിർണിത വിവക്ഷയുണ്ട്. ആദാമിന്റെ സന്തതികളുടെ കാര്യത്തിലെത്തുമ്പോൾ അതിന്റെ വിവക്ഷ മാറുന്നു. ഞങ്ങൾ ജിന്നുകൾ സ്രഷ്ടാവിന്റെ ഉണ്മയിൽ വിശ്വസിക്കുന്നവരാണ്. കാരണം അവന്റെ ശക്തി ഞങ്ങൾ നേരിട്ടു കാണുന്നു. അതിനോട് മല്ലിടാനോ അതിനെ നിഷേധിക്കാനോ ഞങ്ങൾക്കാവില്ല. നിങ്ങളെ സംബന്ധിച്ചേടത്തോളം വിശ്വാസമെന്നാൽ അതിഭൗതികമാണ്; അദൃശ്യത്തിലുള്ള വിശ്വാസമാണ്. ദൈവത്തിന്റെ അസ്തിത്വം നിഷേധിക്കുന്നവനും അവനോടൊപ്പം ഇതരരെ ആരാധിക്കുന്നവനുമാണ് നിങ്ങളുടെ കൂട്ടത്തിലെ ദൈവനിഷേധി. ഞങ്ങളെ സംബന്ധിച്ചേടത്തോളം ദൈവകൽപന ലംഘിക്കുന്നവനാണ് ദൈവനിഷേധി. നിങ്ങൾക്ക് കൽപന ലംഘിച്ചാൽ പശ്ചാത്താപമുണ്ട്. പശ്ചാത്തപിച്ചാൽ നിയമലംഘനം പിന്നെ ഉണ്ടായിട്ടില്ലാത്തത് പോലെയായി. ഞങ്ങൾക്ക് ധിക്കാരമെന്നാൽ അനുതാപമില്ലാത്ത, ദൈവകാരുണ്യത്തിൽനിന്നുള്ള അന്തിമമായ വിഛേദമാണ്."

"നീ ഞങ്ങളെ സ്വർഗഭ്രഷ്ടരാക്കിയില്ലേ?"

"നിന്റെ ബ്യൂറോക്രാറ്റിക് ചിന്ത എനിക്ക് മനസ്സിലാകും. സ്വർഗം പൈതൃകമായി ലഭിക്കുമെന്ന് നീ കരുതുന്നുണ്ടോ? സ്വർഗം കുഴിമടിയന്മാരുടെയും നർത്തകന്മാരുടെയും വിശ്രമസങ്കേതമാണെന്നാണോ നീ ധരിച്ചുവശായിരിക്കുന്നത്? എനിക്ക് ചിരിക്കാൻ പൂതിയില്ലാഞ്ഞിട്ടൊന്നുമല്ല; കഴിയണ്ടേ!"

"അതെന്തേ ചിരിക്കാൻ കഴിയാത്തത്?" "ചിരിക്കേണ്ടതെങ്ങനെയാണെന്ന് എനിക്കറിഞ്ഞുകൂടാ. ചിരിക്കാൻ ചുണ്ടുകൾ വഴങ്ങുന്നില്ല. കരയാൻ തോന്നുമ്പോൾ എന്റെ മുഖം കല്ലിച്ചുപോകും. അതിനാൽ കരയാനും വയ്യ."

"ക്ഷമിക്കണം. ഒരു ചോദ്യം ചോദിച്ചോട്ടെ? അൽപം വിഷമിപ്പിക്കുന്ന ചോദ്യമാണ്. എന്തിനാണു നീ സദാ ഈ തരംതാണ തൊഴിൽ തെരഞ്ഞെടുക്കുന്നത്? അതായത് സ്ത്രീകളുടെയും പരുഷന്മാരുടെയും വിഷയം....... ഞാൻ ഉദ്ദേശിക്കുന്നത് എന്താണെന്ന് മനസ്സിലായിരിക്കുമല്ലോ"

"നിനക്ക് ബുദ്ധി കുറവാണെന്ന് ഇപ്പോഴാണ് എനിക്ക് ഉറപ്പായത്. ഞാൻ പറയുന്നത് വിശ്വസിക്കുക..... അത് എന്റെ തൊഴിലല്ല. ഞാൻ സെക്കന്റ് റാങ്ക് സാത്താനാണ്. പതിനൊന്നാം റാങ്കിലെ ഗുമസ്തന്മാരായ സാത്താന്മാരുടെ തൊഴിലിനെപ്പറ്റിയാണ് ഇപ്പോൾ നീ സംസാരിച്ചത്. പ്രത്യക്ഷ സാത്താന്മാർ. സ്ത്രീവിഷയം അവരുടെ ദൗത്യമാണ്."

"വിചിത്രം തന്നെ. ഞങ്ങളെപ്പോലെ നിങ്ങൾക്കിടയിലുമുണ്ടോ റുട്ടീൻ ജോലികളും റാങ്കുകളും?"!

"ഉവ്വ്, ഞങ്ങൾക്കിടയിലുമുണ്ട് റാങ്കുകളും റുട്ടീൻ വർക്കുകളും. സാധനങ്ങൾക്കൊക്കെ കനത്ത വിലക്കയറ്റമാണിപ്പോൾ. മുന്നൂറ് കൊല്ലമായി എനിക്ക് ഡിയർനസ് അലവൻസ് കിട്ടിയിട്ട്. കടുത്ത അനീതിയാണ് എന്നോട് കാട്ടുന്നത്."

"നിന്റെ കണ്ണിലൊരു ആളലുണ്ടല്ലോ. ദുഃഖവും അഹന്തയും കലർന്ന ആളൽ. എന്തുകൊണ്ടാണത്?"

"ദൈവത്തിന്റെ കാരുണ്യത്തിൽ എനിക്കൊരു പ്രതീക്ഷയുമില്ല. അതുകൊണ്ടാണത്" - ഇബ്‌ലീസ് പറഞ്ഞു.

**വിവ: വി.എ.കെ**

(തുടരും)